PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting)—1970.

Wednesday, the 18th March, 1970

Vol. XXVI] OFFICIAL REPORT [No. 25

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, March 18, 1970, with Mr. Speaker in the Chair.

I. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

(i) ORAL ANSWERS

കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്ക് പുതിയ ജോലി

* 204 (731) ശ്രീ. ഇ. ടി. കുഞ്ഞൻ:
,, എ. എസ്. പുരുഷോത്തമൻ:
,, ഈ. കെ. ഇമ്പിച്ചിബാവ:
,, പാലൊളി മുഹമ്മദ്കുട്ടി:
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ:
,, വി. വി. കുഞ്ഞാമ്പു:
,, എം. കെ. കൃഷ്ണൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, എം. കെ. കേളു:
,, പി. പി. കൃഷ്ണൻ:
,, ഈ വി. കുമാരൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എസ്. ദാമോദരൻ:
,, വി. ശ്രീധരൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്ക് എന്തെങ്കിലും പുതിയ ജോലികൾ സൃഷ്ടിച്ചുകൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രാൻസ്പോർട്ടുസമരത്തോടനുബന്ധിച്ച് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു പോലീസുകാരന്റെ തോക്കും, ലാത്തിയും, സൂക്ഷിക്കാൻ വിസമ്മതിച്ചതുമൂലം മൂവാറ്റുപുഴ ബസ്സ്റ്റാൻറിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗാർഡ് ദാമോദരനെ സസ്പെൻറു ചെയ്തു എന്നറിയുന്നത് ശരിയാണോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്):

(എ) ഇല്ല.

(ബി) 25-1-1970-ൽ ഡ്യൂട്ടിയിലായിരുന്നപ്പോഴാ സത്യാഗ്രഹം ചെയ്യുന്ന തൊഴിലാളികളുടെ കൂട്ടത്തിൽ ചെന്നിരുന്ന് മുദ്രാവാക്യം മുഴക്കിയതിനും മൂവാറ്റുപുഴ സ്റ്റേഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരുമായി വഴക്കുണ്ടാക്കിയതിനും അന്നത്തെ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഗാർഡ് ദാമോദരനെ സസ്പെൻറു ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ടി. കുഞ്ഞൻ: പോലീസുകാരുമായിട്ട് എന്തുവഴക്കാണുണ്ടാക്കിയതെന്നും അതിനുണ്ടായ സാഹചര്യമെന്തെന്നും അറിയാമോ?

ശ്രീ. കെ. എം. ജോർജ്: ഗാർഡ് ദാമോദരൻ വളരെ സജീവമായി സമരത്തിൽ ഏർപ്പെടണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു. അവിടത്തെ പോലീസുകാരോട് വാക്കുതർക്കമുണ്ടായാണ് വഴക്കുണ്ടായത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പോലീസുകാരന്റെ തോക്കും ലാത്തിയും സൂക്ഷിച്ചുകൊള്ളണമെന്ന് പറഞ്ഞപ്പോഴാ അതു തന്റെ ഡ്യൂട്ടിയിൽപ്പെട്ട കാര്യമല്ലെന്നു പറഞ്ഞതുകൊണ്ട് അതു വഴക്കാക്കി റിപ്പോർട്ടുചെയ്തു നടപടിയെടുക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: പോലീസുകാരുടെ തോക്കും ലാത്തിയും മറ്റും സൂക്ഷിക്കണമെങ്കിൽ ഇതിലും എത്രയോ സുരക്ഷിതമായ മാർഗ്ഗങ്ങളുണ്ട്. ദാമോദരനോട് അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ദാമോദരൻ സമരത്തിൽ താൽപ്പര്യം കാണിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുദ്രാവാക്യം വിളിച്ചാൽ അത് ശിക്ഷിക്കാവുന്ന കുറ്റമാണോ? തോക്കും മറ്റും സൂക്ഷിക്കാൻ വേറെയും മാർഗ്ഗങ്ങളും കാണും. പക്ഷേ അയാൾക്ക് കാപ്പികുടിക്കാനോ മറ്റോ പോകണം. അതുകൊണ്ട് തൽക്കാലത്തേക്ക് ഇതെല്ലാം ഒന്നു നോക്കിക്കൊള്ളണമെന്നു പറയുകയും അതു തന്റെ ഡ്യൂട്ടിയല്ലെന്നു പറഞ്ഞപ്പോഴാ അയാളുടെ പേരിൽ നടപടിയെടുക്കുകയാണ് ചെയ്തതെന്നുമുള്ളതല്ലേ ശരി? അതല്ല മുദ്രാവാക്യം വിളിച്ചതുകൊണ്ടാണോ സസ്പെൻറു ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: എന്നാണോ പറഞ്ഞത്? മൂവാറ്റുപുഴയിലെ കാര്യം കുറെയൊക്കെ എനിക്കുമറിയാമെന്നു സമ്മതിക്കണം. തോക്കും മറ്റും സൂക്ഷിച്ചുവയ്ക്കണമെന്നു പോലീസുകാരൻ ആവശ്യപ്പെട്ടിട്ടില്ല. ഈ നിലയിൽ ചോദ്യം ചോദിച്ചിരിക്കുന്നു എന്നേയുള്ളു. സത്യവുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സസ്പെൻഡ് ചെയ്തിരുന്ന ആളാണോ?

ശ്രീ. കെ. എം. ജോർജ്: 25-1-1970-ൽ സസ്പെൻഡ് ചെയ്തിരുന്ന ആളുകളുടെ കൂട്ടത്തിൽ ചെന്ന് മുദ്രാവാക്യം വിളിക്കുകയും അങ്ങനെ സസ്പെൻഷനിൽ പങ്കെടുക്കുകയും പോലീസുകാരുമായി വാക്കുതർക്കമുണ്ടാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സജീവമായി പ്രവർത്തിച്ചിരുന്ന ആളാണെന്നു പറഞ്ഞു. പോലീസുകാരന്റെ സാധനങ്ങളും സൂക്ഷിക്കാൻ സാധ്യമല്ലെന്നു പറഞ്ഞതുകൊണ്ട് സ്ട്രൈക്ക് ചെയ്തതായി റിപ്പോർട്ടുചെയ്തത് അയാൾക്കെതിരായി നടപടിയെടുക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: അയാൾ സ്ട്രൈക്ക് നടത്തിയിരുന്നവരുടെകൂടെ ചെന്നിരുന്ന് മുദ്രാവാക്യം വിളിക്കുകയും പോലീസുകാരുമായി വാക്കുതർക്കമുണ്ടാകുകയുംചെയ്തു. അല്ലാതെ ഈ പറയുന്ന വിധത്തിലുള്ള യാതൊരു സംഭവവും ഉണ്ടായിട്ടില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: മാനേജുമെന്റിന്റെ ചുമതലയിലുള്ള ഏതെങ്കിലും കാര്യങ്ങൾ ഏതെങ്കിലും വിഭാഗം തൊഴിലാളികളെ ഏൽപ്പിച്ചിട്ടുണ്ടോ? എറണാകുളത്തെ പഴയ ബസ്സ്റ്റേറേഷൻ മാറ്റിയത് സമരത്തെ എതിർക്കുന്നതിനുവേണ്ടി വിവിധ യൂണിയനുകളിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ചായിരുന്നില്ലേ?

ശ്രീ. കെ. എം. ജോർജ്: അത് ഈ ചോദ്യത്തിൽ ഉദിക്കുന്നതല്ല. നോട്ടീസ് വേണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കഴിഞ്ഞമാസം കൂടിയ എറണാകുളം ഡി. ഡി. സി. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് ബസ്സ്റ്റേറേഷൻ മാറ്റിയതെന്നു പറയുന്നത് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: പഴയ ട്രാൻസ്പോർട്ടു ബസ്സ്റ്റേറേഷൻ മാറ്റിയിട്ടില്ല. ലോറി സ്റ്റേറേഷൻ മാറ്റുന്ന കാര്യം ആലോചനയുണ്ടെന്നറിയാം. അതിൽക്കൂടുതലായി യാതൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: അവിടത്തെ യാത്രക്കാർക്ക് വളരെ അധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനെക്കുറിച്ചന്വേഷിക്കാൻ മയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: അത് ഇപ്പോഴം അറിയുകയാണ്. എന്താണെന്നന്വേഷിക്കാം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: തൊഴിൽത്തർക്കത്തെസംബന്ധിച്ച് കൂടിയാലോചിച്ച് ഒത്തുതീർപ്പിലെത്തുന്നകൂട്ടത്തിൽ അപകടകരമായ, അല്ലെങ്കിൽ അത്യാപത്തുണ്ടാകത്തക്ക വിധത്തിലുള്ള എല്ലാ കേസുകളും നടപടികളും പിൻവലിക്കാമെന്നുള്ള ധാരണയോ ഒത്തുതീർപ്പോ ഉണ്ടായതാണ്. ആ നിലയ്ക്ക് ഈ നടപടികളം പിൻവലിക്കുന്നതിന് എന്താണ് തടസ്സമായി നിൽക്കുന്നത്?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയുള്ള ഒരു ധാരണയും ഉണ്ടായിട്ടില്ല. കേസ് പിൻവലിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. കേസ് കുറവുചെയ്യണമെങ്കിൽ അതിന് കോടതിക്കേ അവകാശമുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറഞ്ഞത് കേസുകളുടെ കാര്യം കോടതി ആലോചിക്കേണ്ടതാണെന്നാണ്. ഇപ്പോഴം പിൻവലിക്കുക എന്നുള്ള പ്രശ്നം ഇല്ലെന്നു പറയുന്നതെന്തിനാണ്?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെയുള്ള നിയമപരമായ നിലപാടാണ് ഞാനും പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: ഗാർഡ് ദാമോദരൻ സ്ട്രൈക്ക ചെയ്തിരുന്ന ആളോണോ?

ശ്രീ. കെ. എം. ജോർജ്: എന്നാണ് എനിക്കു കിട്ടിയിട്ടുള്ള വിവരം.

ശ്രീ. എം. കെ. കൃഷ്ണൻ: ട്രാൻസ്പോർട്ടു സമരത്തിൽ പങ്കെടുത്ത തൊഴിലാളികളെ അവരുടെ സെക്ഷനിൽനിന്നു മാറ്റിയത് സമരത്തിന ഒത്തു തീർപ്പുണ്ടായശേഷം തിരിച്ച് അവരവരുടെ സെക്ഷനിൽത്തന്നെ എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: പ്രൊട്ടക്റ്റഡ് വർക്കേഴ്സ് എന്ന വിഭാഗത്തിൽപ്പെട്ടവരെ മാറ്റിയവരെയെല്ലാം തിരിച്ചുമാറ്റിയിട്ടുണ്ട്. അങ്ങനെ ചെയ്യാമെന്നാണു വ്യവസ്ഥചെയ്തിരിക്കുന്നത്, അങ്ങനെ ചെയ്തിട്ടുമുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: ഇനിയും അങ്ങനെ തിരിച്ചുവരാത്ത വല്ല വരുമുണ്ടെങ്കിൽ അവരെക്കൂടി അവർ മുമ്പിരുന്ന സെക്ഷനിൽ എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: ആരെങ്കിലും തിരിച്ചെടുക്കുപ്പെടാതെയുണ്ടെങ്കിൽ തീർച്ചയായും എടുക്കും.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പണിമുടക്കിൽ പങ്കെടുത്തു എന്നുള്ള പ്രതികാരനടപടിയെന്നോണം അടുത്തു നടക്കാൻപോകുന്ന ഒരു തിരഞ്ഞെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ എൺപതോളം പേരെ പെടുത്താതിരിക്കുക എന്നുള്ള ദുഷ്കൃത്യം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഒന്നാമത് പണിമുടക്കു നടത്തിയവരോട് ഒരു വിരോധവുമില്ല. രണ്ടാമത് 80 വോട്ട് ഇല്ലെങ്കിൽ അത്ര കുറവൊന്നുമില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒരു വോട്ടിനും ജയം ഉണ്ടാകാവുന്ന സ്ഥിതിക്ക് 80 പേരെ വിട്ടുകളഞ്ഞതു തിരുത്തിക്കൊണ്ട് ഇനിയൊരു തിരഞ്ഞടുപ്പു നടത്താൻ നിർദ്ദേശംകൊടുക്കാൻ ഒരുക്കമുണ്ടോ?

ശ്രീ. കെ. എം. ജോർജ്: അങ്ങനെ യാതൊന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും പിശകുണ്ടെങ്കിൽ അതു തിരുത്തി ന്യായമായ നിലപാടു സ്വീകരിക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. എം. കെ. കേളു: ദാമോദരൻ സ്ട്രൈക്കിൽ പങ്കെടുത്തോ ഇല്ലയോ എന്നുള്ളതിനു വ്യക്തമായ മറുപടി കിട്ടിയില്ല.

ശ്രീ. കെ. എം. ജോർജ്: സ്ട്രൈക്കിൽപ്പെട്ടു എന്നാണ് ഫയലിൽ കാണുന്നത്. ചോദ്യത്തിനാവശ്യമുള്ള മറുപടി ഇവിടെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. വി. കുമാരൻ: പണിമുടക്കു കാലത്ത് പിക്കറ് ചെയ്തതിനു ശിക്ഷിക്കപ്പെട്ട ആളുകളിൽനിന്നും പിഴ ഈടാക്കികഴിഞ്ഞിട്ടും. അവർക്ക് തടവുശിക്ഷകൂടി അനുഭവിക്കേണ്ടിവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. കെ. എം. ജോർജ്: അങ്ങനെ യാതൊരു വിവരവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് ഒരു കുറ്റത്തിന് രണ്ടു ശിക്ഷ അനുഭവിക്കേണ്ടിവന്നുവെങ്കിൽ ഗവൺമെന്റ് വേണ്ട നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ദാമോദരൻ: പോലീസുകാരന്റെ ലാത്തിയും മറ്റും സൂക്ഷിക്കണമെന്നു ദാമോദരനെ നിർബന്ധിക്കുകയും ദാമോദരൻ അതു സാധ്യമല്ലെന്നു പറഞ്ഞതിനെ തുടർന്ന് വാക്കുതർക്കമുണ്ടായതുമല്ലെ? അങ്ങനെ അല്ലെങ്കിൽ എന്തിനാണ് വാക്കുതർക്കമുണ്ടായതെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. എം. ജോർജ്: മി. ദാമോദരൻ സമരത്തിൽ വളരെ താൽപ്പര്യമുള്ള ആളായിരുന്നു. പോലീസുകാരൻ ഇങ്ങനെ പറയുവാൻ യാതൊരു സാഹചര്യവും ഇല്ല. സമരത്തെ പരാജയപ്പെടുത്തുന്ന പോലീസുകാരനോട് ദാമോദരന് എതിരുണ്ടായിരുന്നു. എന്തു കാരണം പറഞ്ഞും വഴക്കുണ്ടാക്കണമെന്ന് ദാമോദരന് ആഗ്രഹമുള്ളതുകൊണ്ടായിരുന്നു.

ശ്രീ. എസ്. ദാമോദരൻ: ''ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെ'' എന്നതുപോലെ തർക്കമുണ്ടായിട്ടുണ്ടെങ്കിൽ പണിമുടക്കിന് അനുകൂലമായിരുന്നതുകൊണ്ടാണെന്ന് ആണോ? എന്തു സംഭവത്തിന്റെ പേരിലാണെന്ന് സഭയിൽ പറയണം.

ശ്രീ. കെ. എം. ജോർജ്: ''ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെ'' എന്നു പറയുന്നതുപോലെയാണ് സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിൽ പോലീസുകാരന്റെ ലാത്തിയും തോക്കും സൂക്ഷിക്കുവാൻ വിസമ്മതിച്ചതുകൊണ്ടാണെന്ന് പറയുന്നതും. പോലീസുകാരൻ വടിയും തോക്കുമൊന്നും അവിടെ ഏൽപ്പിച്ചിരുന്നില്ല. കാപ്പികുടിക്കുവാൻ പോകാൻ അമ്പതു അടി സ്ഥലം മാത്രമേയുള്ളു. പോലീസുകാരന് വടിയും തോക്കും സൂക്ഷിക്കുവാൻ വേറെ സുരക്ഷിതമായ സ്ഥലമുണ്ട്.

ശ്രീ. എസ്. ദാമോദരൻ: തോക്കും വടിയും കൊണ്ടുപോകാൻ സൗകര്യമുണ്ടെന്നാണോ?

ശ്രീ. കെ. എം. ജോർജ്: വളരെ സൗകര്യം.

ശ്രീ. ടി. എം. മീതിയൻ: പണിമുടക്കിയ തൊഴിലാളികളോട് പ്രതികാരമായിട്ട് ഇപ്പോഴും കോഴിക്കോട്ടു നിന്നും ആലുവായ്ക്കും കാസർകോട്ടേയ്ക്കും കണ്ണൂരിലേക്കും മറ്റും ട്രാൻസ്ഫർ ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ശ്രദ്ധയിൽപെടുത്തിയാൽ ഇതേപ്പറ്റി അന്വേഷിച്ച് ഇതുപോലുള്ള പ്രതികാരനടപടികളും അവസാനിപ്പിക്കാൻ നടപടി എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഇത് ഒരു സാങ്കൽപ്പികമായ പരാമർശം മാത്രമാണ്. ട്രാൻസ്പോർട്ടു കാർപ്പറേഷൻ ഏതെങ്കിലും ലാവണത്തിന്റെ അടിസ്ഥാനത്തിൽ വല്ലവരെയും സ്ഥലംമാറ്റിയോ ഇല്ലയോ എന്ന് എനിക്ക് അറിയില്ല. ട്രാൻസ്പോർട്ട് സമരകാലത്ത് ഏതെങ്കിലും ആളുകളെ മാറ്റിയിട്ടുണ്ടെങ്കിൽ ഈ പ്രൊട്ടക്റ്റഡ് വർക്കേഴ്സിനെ മുഴുവനും പഴയ സ്ഥലത്തേക്ക് മാറ്റാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പണിമുടക്കിയവരോട് ഗവൺമെന്റ് യാതൊരു പ്രതികാരനടപടിയും സ്വീകരിക്കുന്നില്ല.

ശ്രീ. ടി. എം. മീതിയൻ: ആലുവാ ഡി. റ്റി. ഒ. യിലുള്ള വർക്കേഴ്സിനെ പല ഭാഗങ്ങളിലേക്കും ട്രാൻസ്ഫർ ചെയ്യുകയാണ്. സ്ട്രൈക്ക് നടത്തി എന്നുള്ളതൊഴിച്ച് യാതൊരു കാരണവും ഇല്ലാതെ ആണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. അതേപ്പറ്റി അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെമ്പർക്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ എഴുതിതന്നാൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: തോക്കും ലാത്തിയും സൂക്ഷിക്കുവാൻ ദാമോദരനെ ഏൽപ്പിക്കുവാൻ ശ്രമിച്ച പോലീസുകാരന്റെ മേൽ ആവശ്യമായ നടപടി എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഇതെല്ലാം കെട്ടുകഥകളാണ്. പോലീസുകാരന്റെ മേൽ നടപടി എടുക്കേണ്ട യാവശ്യമില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ട്രാൻസ്പോർട്ടു സമരം ഒത്തുതീർപ്പിലായതിനുശേഷം പണിമുടക്കുകാലത്ത് സസ്പെൻറുചെയ്യപ്പെട്ടവരിൽ പത്തു പേരുടെ സസ്പെൻഷൻ പിൻവലിക്കാത്തതിനു കാരണമെന്താണെന്ന് പറയാമോ?

ശ്രീ. കെ. എം. ജോർജ്: പൊതുമുതൽ നശിപ്പിക്കുക, ക്രിമിനൽ കുറ്റങ്ങൾ, ജോലിക്ക് ഹാജരാകുന്നവരെ അടിക്കുക, ഇങ്ങനെയുള്ള ഗൗരവമായ കുറ്റങ്ങൾ ചെയ്തിട്ടുള്ളവരുടെ സസ്പെൻഷൻ പിൻവലിക്കുകയില്ലെന്നാണ് ഒത്തുതീർപ്പു വ്യവസ്ഥയിൽ ഇരു ഭാഗക്കാരും സമ്മതിച്ചിരുന്നത്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഈ ഒത്തുതീർപ്പ് സമയത്ത് ഗവൺമെൻറിന്റെ ഈ നിലപാട് സമരത്തിൽ പങ്കെടുത്തിരുന്ന തൊഴിലാളി വിഭാഗവും, പ്രതിപക്ഷത്തെ ആളുകളും സമ്മതിച്ചുവെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. എം. ജോർജ്: തീർച്ചയായും സമ്മതിച്ചു.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂരിൽ ബസ്സ്റ്റാൻഡിൽ ബോംബു പൊട്ടിഎന്നുള്ളതിന്റെ പേരിൽ അവിടത്തെ ഏഴു തൊഴിലാളികളെ അറസ്റ്റു ചെയ്തു. എന്നാൽ പടക്കം പൊട്ടി എന്നു പറയുന്ന സ്ഥലത്തു ചീട്ടും സിഗററ്റുകുറ്റികളും കിടന്നിരുന്നു. സി. ആർ. പി. ആ സ്ഥലത്തുണ്ടായിരുന്നുവെന്നും ലാഡ്ജിൽ കിടന്നുറങ്ങിയിരുന്ന ഏഴുപേരെയാണ് അറസ്റ്റു ചെയ്തത് എന്നുമുള്ള പരാതി കിട്ടിയിട്ടുണ്ടോ? എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട ആര്യൻ നല്ല ഒരു ക്രിമിനൽ വക്കീലാണെന്നു മനസ്സിലാകുന്നത് ഇപ്പോഴാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു ക്രിമിനൽ വക്കീൽ എന്ന നിലയ്ക്കല്ല ഉത്തരം പറയേണ്ടത്. ചോദ്യം ചോദിച്ചാൽ ഒരു മന്ത്രി വക്കീലാണോ മറ്റുള്ളതാണോ എന്നൊന്നുമല്ല ഉത്തരം പറയേണ്ടത്?

മി. സ്പീക്കർ: അങ്ങനെയല്ല ഉത്തരം പറയേണ്ടത്.

ശ്രീ. കെ. എം. ജോർജ്: സാങ്കൽപ്പിക കഥകളും പറഞ്ഞതുകൊണ്ടാണ് അങ്ങനെ തോന്നിപ്പോയത്.

ശ്രീ. എ. വി. ആര്യൻ: ക്രിമിനൽ വക്കീൽ എന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യമില്ല. ലാഡ്ജിൽ കിടന്ന് ഉറങ്ങിയിരുന്ന ആളുകളെ വിളിച്ചുണർത്തിയാണ് അറസ്റ്റു ചെയ്തത് എന്ന് പത്രങ്ങളിൽ റിപ്പോർട്ട് ഉണ്ടായിരുന്നു. ഉറങ്ങിക്കിടന്നിരുന്നപ്പോൾ അറസ്റ്റു ചെയ്ത ഏഴുപേരുടെ കേസ് പിൻവലിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ ശ്രീമാന്റെ ഭാവനാ സമ്പന്നമായ കഥകളെ പാടെ നിഷേധിക്കുന്നു. അങ്ങനെയൊന്നുമല്ല സംഭവിച്ചത്.